**പതിനാലാം കേരളനിയമസഭ**

**രണ്ടാം,സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3661** 20/10/2016 -ൽ മറുപടിയ്ക്ക്

## സ്കൂൾ കുട്ടികളിലെ ലഹരി മരുന്ന് ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ സ്കൂൾ തലത്തിൽ എന്തെങ്കിലും പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br>(സി) ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും, എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.<br>ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിൽ കൗമാരക്കാരുടെ ശാക്തീകരണത്തിനായി കൗൺസിലിംഗും ആരോഗ്യപരിപാലനവും നടപ്പിലാക്കുന്നതിനായി 1200 ലധികം സൗഹൃദ ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ 2016-17 അദ്ധ്യയനവർഷത്തെ പരിശീലനങ്ങളിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസോസിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽ നിന്നും മയക്കുമരുന്നിൽ നിന്നും യുവാക്കളെ മോചിപ്പിക്കുന്നതിലേക്ക് "മുക്തി" എന്ന പേരിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ബോധവൽക്ക |

രണവും ട്രെയിനിംഗും നൽകുന്നുണ്ട്. കുട്ടികളിലെ കുറ്റവാസനയും, ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേക്ക് 2010 സെപ്റ്റംബറിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി പ്രവർത്തിച്ചു വരുന്നുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എൻ.എസ്.എസ് വോളന്റിയർമാർ ഇതിനെതിരെ ജാഗ്രത പുലർത്തുന്നുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നല്കുന്നുണ്ട്. വി.എച്ച്.എസ്.ഇ, എൻ.എസ്.എസ് സെൽ കഴിഞ്ഞ വർഷം എക്സൈസ് വകുപ്പിന്റെ 'സുബോധം' പ്രോജക്ടുമായി ചേർന്ന് '1000 വിംഗ്സ് ഓഫ് ഫയർ' എന്ന പേരിൽ ഹോം ലൈബ്രറികൾ തുടങ്ങുന്ന പ്രോഗ്രാം ചെയ്തപ്പോൾ അതിനോടൊപ്പം 'ലഹരിവിരുദ്ധ പ്രവർത്തനങ്ങളും വായനയുടെ ഗുണവും' എന്ന വിഷയത്തിൽ എൻ.എസ്.എസ് പ്രോജക്ട് ഓഫീസർ സംസ്ഥാനത്തെ ധാരാളം വി.എച്ച്.എസ്.ഇ സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തി. കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് പ്രവർത്തനങ്ങളുടെ ഭാഗമായും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസു കൾ സംഘടിപ്പിക്കാറുണ്ട്.

| | |
|---|---|
| (ഡി) സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ എസ്.എം.എസ്. മുഖേന അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ഡി) പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ എല്ലാ വി.എച്ച്.എസ്.ഇ സ്കൂളുകളിലും വിദ്യാർത്ഥികൾ ഹാജരാകാത്ത വിവരം രക്ഷകർത്താക്കളെ അറിയിക്കുന്നതിനായി വകുപ്പ് തികച്ചും സൗജന്യമായി |

രൂപം നൽകിയ 'തേർഡ് ബെൽ' എന്ന സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒക്ടോബർ 14 മുതൽ നടപ്പിലാക്കിയിരിക്കുന്നു. തുടർച്ചയായി രണ്ട് ദിവസം സ്കൂളിൽ ഹാജരാകാത്ത വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മൊബൈലിലേക്ക് ഒരു ഓട്ടോമേറ്റഡ് വോയിസ് കോൾ പോകുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത.

(ഇ) സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) സ്കൂളുകളിൽ കുട്ടികൾക്ക് മൊബൈൽ ഉപയോഗം സംബന്ധിച്ചും നിയമാനുസൃതമല്ലാതെ വാഹനം ഓടിക്കുന്നതു സംബന്ധിച്ചും ലഹരിവസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുന്നതു സംബന്ധിച്ചും ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ ബോധവൽക്കരണ ക്ലാസ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സമൂഹത്തിലെ പല മേഖലകളിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള പരിശീലകരെ കൊണ്ടുവന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. ഈ കാര്യം ഓരോ സ്കൂളുകളിലെയും പ്രിൻസിപ്പൽമാർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ കോർഡിനേറ്റർമാർ എന്നിവർ ചേർന്നാണ് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ

(1) Path Finder- വിദ്യാർത്ഥികളിൽ സിവിൽ സർവീസിൽ അഭിരുചി വളർത്താനും താൽപര്യമുള്ളവർക്ക് അതിനു വേണ്ടിയുള്ള പരിശീലനം നടത്താനും വേണ്ടിയാണ് ഈ പരിപാടി.

(2) Focus Point- പ്ലസ് വൺ അഡ്മിഷന് മുന്നോടിയായി വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെക്കുറിച്ചും അവയുടെ തൊഴിൽ സാധ്യതയെക്കുറിച്ചും അവബോധമുണ്ടാക്കാനാണ് ഈ പരിപാടി.

(3) We Help- പരീക്ഷാ കാലഘട്ടങ്ങളിൽ വിദ്യാർത്ഥികളുടെ Tension/Stress എന്നിവ ലഘൂകരിക്കുന്നതിനായി ടെലിഫോൺ സഹായം നൽകുന്നു.

(4) Know Thyself- കൗമാര കാലഘട്ടത്തിലെ ശാരീരികവും മാനസികവുമായ മാറ്റങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നു.

(5) Special Programme on Life Skill- നിത്യജീവിതത്തിലെ ആവശ്യങ്ങളും പ്രതിസന്ധികളും മനസിലാക്കി അവയോട് അനുയോജ്യമായി പ്രതികരിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. ഇതിനായി അദ്ധ്യാപകർക്ക് NIMHANS-ന്റെ സഹകരണത്തോടെ പരിശീലനം നൽകുന്നു.

(6) Karuthu- കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹ്യപരവുമായ പുരോഗതിയും സമൂഹത്തിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയുമാണ് "കരുത്ത്" എന്ന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്ക് എതിരെ സ്വയം ചെറുത്തു നില്പിനായി ആയോധന കലകളായ കരാട്ടെ, തായ്ക്കൊണ്ടാ തുടങ്ങിയവ സ്ക്കൂളുകളിൽ "കരുത്ത്" പദ്ധതിയുടെ ഭാഗമായി അഭ്യസിപ്പിക്കുന്നു.

(7) SITAR- ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനായി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. ഓരോ വർഷവും വ്യത്യസ്ത കലാരൂപങ്ങൾ തെരഞ്ഞെടുക്കുകയും ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിലും ദേശീയ തലത്തിലും പ്രശസ്തമായ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു. ഈ വർഷം ഫാഷൻ ടെക്നോളജി ആന്റ് അപ്പാരൽ ഡിസൈനിങ്ങാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(8) QIP (Quality Improvement Programme) എന്ന പദ്ധതി ഹയർ സെക്കന്ററി സ്കൂളുകളിലെ അക്കാഡമിക്ക് നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്. സാമൂഹികവും, സാമ്പത്തികവും, ഭൂമിശാസ്ത്രപരവുമായ അതിർവരമ്പുകൾക്കപ്പുറം വിദ്യാർത്ഥികൾക്ക് ഏകീകൃതമായ വിദ്യാഭ്യാസം നൽകുക എന്നതാണ് ഈ പദ്ധതിയുടെ കാതൽ. പഠന നിലവാരത്തിൽ പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധികമായി ക്ളാസുകളും, മറ്റ് കോച്ചിങ്ങുകളും നൽകി അവരുടെ പഠന നിലവാരം ഉയർത്തി സംസ്ഥാന ശരാശരിയിലെങ്കിലും ആ സ്കൂളുകളെ എത്തിക്കുക എന്നുള്ളതാണ് QIP പദ്ധതി.

Sreedevi
S.O